# കർഷകനു നീര കയ്ക്കുന്നു

## ബജറ്റിൽ പ്രഖ്യാപിച്ച 15 കോടി പാഴാക്കിയത് അവഗണന

നീര പ്രോൽസാഹനത്തിന് ഈ വർഷത്തെ ബജറ്റിൽ സംസ്ഥാന സർക്കാർ മുപ്പതു കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചതിന്റെ ആഹ്ലാദാരവങ്ങൾ അടങ്ങുംമുൻപേയാണു കേരകർഷകർക്കുണ്ടായ കനത്ത ആഘാതം. നീരയുടെ പ്രോത്സാഹനാർഥം മുൻ ബജറ്റിൽ പ്രഖ്യാപിച്ച 15 കോടി രൂപ കേരോൽപാദക കമ്പനികൾക്കു നൽകുമെന്നു സർക്കാർ വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും പല ബജറ്റ് പ്രഖ്യാപനങ്ങളെയുംപോലെ അതും ഏട്ടിൽ ഒതുങ്ങി. ലഹരിവിമുക്ത പോഷകപാനീയമായ നീര എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ കഴിയുന്നതെല്ലാം ചെയ്യുമെന്നു മുഖ്യമന്ത്രിയടക്കമുള്ള ഭരണകർത്താക്കൾ ആവർത്തിച്ചു പ്രഖ്യാപിക്കുന്നതിനിടയ്ക്കാണു കേരകർഷകരെയാകെ നിരാശപ്പെടുത്തുന്ന ഈ വാഗ്ദാന ലംഘനം.

നാളികേര കൃഷിക്കു പുത്തനുണർവും കേരകർഷകർക്കു മികച്ച വരുമാനവും ഉറപ്പാക്കുന്ന സ്വപ്ന പദ്ധതിയാണു നാളികേര വികസന ബോർഡ് വിഭാവനം ചെയ്ത നീരയുടെയും നീരയിൽനിന്നുള്ള ഉൽപന്നങ്ങളുടെയും നിർമാണം. അബ്കാരി നിയമങ്ങളും സർക്കാർ വകുപ്പുകളുടെ പടലപ്പിണക്കങ്ങളും പദ്ധതിക്ക് ഒട്ടേറെ തടസ്സങ്ങൾ സൃഷ്ടിച്ചെങ്കിലും സർക്കാർ മുൻകൈയെടുത്ത് അവയൊക്കെ പരിഹരിക്കുകയും പദ്ധതി പുരോഗമിക്കുകയും ചെയ്യുമ്പോഴാണ് കേരകർഷകർക്കു പ്രത്യാശ പകർന്നുകൊണ്ട് 15 കോടി രൂപ നീക്കിവയ്ക്കുമെന്ന ബജറ്റ് പ്രഖ്യാപനമുണ്ടായത്. അപ്പോഴേക്കും സംസ്ഥാനത്തു വിവിധ ജില്ലകളിലായി 12 കേരോൽപാദക കമ്പനികൾ രൂപീകരിക്കപ്പെടുകയും അവയിൽ മിക്കതും നീരയുടെ ഉൽപാദനത്തിനു തയാറെടുപ്പുകൾ ആരംഭിക്കുകയും ചെയ്തിരുന്നു.

നീര കർഷകർക്കു ബജറ്റിൽ അനുവദിച്ച തുക വിതരണം ചെയ്യുമെന്ന്, 2014 മാർച്ചിൽ കോട്ടയത്ത് 17 കേരകർഷക ഫെഡറേഷനുകൾക്കു നീര ചെത്താനുള്ള ലൈസൻസ് നൽകുന്ന വേളയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രഖ്യാപിക്കുകയും ചെയ്തു. ഇക്കൊല്ലം ജനുവരിയിൽ കൊച്ചിയിലും ഫെബ്രുവരിയിൽ കൊല്ലത്തും അദ്ദേഹം ഈ പ്രഖ്യാപനം ആവർത്തിക്കുകയുണ്ടായി. ബജറ്റിലെ സബ്സിഡി വാഗ്ദാനം വിശ്വസിച്ച കേരോൽപാദന കമ്പനി ഭാരവാഹികൾ മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട മറ്റു മന്ത്രിമാർക്കും ആവർത്തിച്ച് നിവേദനങ്ങൾ നൽകിയതും ഒരു കൊല്ലത്തോളം സർക്കാർ ഓഫിസുകൾ കയറിയിറങ്ങിയതും മാത്രം ബാക്കിയായിരിക്കുകയാണ്.

സംസ്ഥാനത്ത് നീര- നീരോൽപന്ന നിർമാണം ലക്ഷ്യമിട്ട് നാളികേര വികസന ബോർഡ് ഇതിനകം രൂപം നൽകിയത് 6315 കേരോൽപാദക സംഘങ്ങളും 361 ഫെഡറേഷനുകളും 19 ഉൽപാദക കമ്പനികളുമാണ്. ഈ കൂട്ടായ്മയിലുള്ളതാകട്ടെ ഏഴു ലക്ഷത്തോളം കേര കർഷകരും. കേരള ഫിനാൻഷ്യൽ കോർപറേഷനിൽനിന്നും ബാങ്കുകളിൽനിന്നും കോടിക്കണക്കിനു രൂപ വായ്പയെടുത്താണ് ഈ കമ്പനികൾ നീരോൽപാദന സംരംഭത്തിലിറങ്ങിയത്. അഞ്ചു കമ്പനികൾ ഉൽപാദനം ആരംഭിക്കുകയും ചെയ്തു. ഇവയിലൊരു കമ്പനി സ്വന്തം പ്ലാന്റിൽത്തന്നെ ഉൽപാദനം തുടങ്ങിക്കഴിഞ്ഞു. കോടികൾ വായ്പാബാധ്യതയുള്ള ഈ കമ്പനികൾ ഏറെ പ്രതീക്ഷയോടെയാണു സർക്കാരിന്റെ ധനസഹായം കാത്തിരുന്നത്.

കേരോൽപാദക കമ്പനികൾക്കു കോടികളുടെ ബാധ്യതയുണ്ടെന്നു പറഞ്ഞാൽ അതിനർഥം അവയുടെ ഓഹരിയുടമകളായ കർഷകർ വലിയ സാമ്പത്തിക ഭാരം തലയിലേറ്റുന്നുവെന്നതുതന്നെ. ഈ കർഷകരിൽ ഏറിയ പങ്കും ചെറുകിടക്കാരാണെന്നതു സാമ്പത്തിക ബാധ്യതയുടെ ഗൗരവം വർധിപ്പിക്കുന്നു. തെങ്ങിന്റെ രോഗ, കീടബാധകളും തേങ്ങയുടെ വിലയിടിവും മൂലം നട്ടം തിരിയുന്ന ചെറുകിട കേരകർഷകർ നാളികേര വികസന ബോർഡിനെയും സംസ്ഥാന സർക്കാരിനെയും വിശ്വസിച്ചാണ് ഇത്രയും ഭീമമായ സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ തുനിഞ്ഞതെന്നതു ബന്ധപ്പെട്ടവർ മറക്കരുത്. തെങ്ങുകൃഷിയെയും കേരകർഷകനെയും തകർച്ചയിൽനിന്നു കരകയറ്റാനുള്ള അവസാന അവസരമാണ് നീര ഒരുക്കുന്നതെന്ന യാഥാർഥ്യം കാണാതിരിക്കുകയുമരുത്.

നീരനിർമാണത്തിന്റെ ആദ്യഘട്ടത്തിൽതന്നെ കേരകർഷകരുടെ വരുമാനത്തിൽ ഗണ്യമായ വർധനയാണുള്ളതെന്നു പല റിപ്പോർട്ടുകളും സൂചിപ്പിക്കുന്നു. നീരയ്ക്കു വിപണിയിൽ വൻ വരവേൽപാണു ലഭിച്ചുകൊണ്ടിരിക്കുന്നതും. കേരകർഷകരെ രക്ഷിക്കാൻ ഇതൊരു മികച്ച അവസരമാണെന്നതിന്റെ സൂചനകളാണ് ഇവ. തെങ്ങുകൃഷിയെ വളർത്താനുള്ള വലിയൊരു ശ്രമത്തിന്റെ തുടക്കമായി വേണം നീര പദ്ധതിയെ കാണാൻ.

കേരോൽപന്നങ്ങളുടെ വ്യാപകമായ വൈവിധ്യവൽക്കരണവും മൂല്യവർധനയുമാകണം നമ്മുടെ അന്തിമ ലക്ഷ്യം. പക്ഷേ, അതിന് ആദ്യം തുടങ്ങിവച്ച സംരംഭങ്ങൾ പച്ചപിടിക്കേണ്ടതുണ്ട്. കേരമേഖലയുടെ പുരോഗതിക്കൊപ്പം വമ്പിച്ച തൊഴിലവസരങ്ങളും ഉറപ്പു നൽകുന്ന നീര സംരംഭങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്കു പുത്തനുണർവു നൽകുമെന്നതിലും സംശയമില്ല. ഈ സാഹചര്യത്തിൽ നീര പദ്ധതി വിജയിക്കേണ്ടതു കേരകർഷകരുടെ മാത്രമല്ല, കേരളത്തിലെ ജനങ്ങളുടെയാകെ ആവശ്യമാണ്.

സ്വന്തം സർക്കാരിന്റെ പദ്ധതികളിൽ ഏറ്റവും സന്തോഷം നൽകിയതെന്നു മുഖ്യമന്ത്രി തന്നെ വിശേഷിപ്പിച്ച നീരസംരംഭങ്ങളുടെ സാക്ഷാത്കാരം അഭിമാനപ്രശ്നമായി സർക്കാർ കാണണം. നീര പ്രോത്സാഹനത്തിന് ഇപ്പോഴത്തെ ബജറ്റിൽ 30 കോടി രൂപ നീക്കിവയ്ക്കുന്നുവെന്ന പ്രഖ്യാപനത്തിനു പഴയ വാഗ്ദാനത്തിന്റെ ഗതിയാവില്ലെന്ന് ഉറപ്പുവരുത്തുകയും വേണം.